# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലന പദ്ധതി

8367 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്
,, ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം മേഖലയിലാണ് ഈ പദ്ധതി വഴി തൊഴിൽ ലഭ്യമാക്കുന്നത് ;

(ഡി) ഏതെല്ലാം പരിശീലന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടാണ് പദ്ധതി നടപ്പാക്കുന്നത് ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ</u>

8368

ശ്രീ. എം. പി. വിൻസെന്റ്
,, വി. ഡി. സതീശൻ
,, ജോസഫ് വാഴക്കൻ
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന കാര്യം ആലോചിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പ്രാക്തന ഗോത്ര വർഗ്ഗം</u>

8369 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാക്തന ഗോത്ര വർഗ്ഗമായി പരിഗണിച്ചിരിക്കുന്ന വിഭാഗങ്ങൾ ഏതെല്ലാം എന്നും ഇവർ എവിടെയെല്ലാമാണ് അധിവസിക്കുന്നത് എന്നും വ്യക്തമാക്കാമോ ;

(ബി) വയനാട് ജില്ലയിൽ പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കിടയിൽ വ്യാപകമായി നിർബന്ധിത വന്ധ്യംകരണം നടത്തിയതായും ആരോഗ്യവകുപ്പ് ഈ നടപടി തുടരുന്നതായും മാധ്യമങ്ങളിൽ വാർത്ത വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(സി) വയനാട്ടിൽ പൊതുജന സമ്പർക്ക പരിപാടിയിൽ ആദിവാസികളുടെ കച്ച പോലീസ് ബലം പിടിച്ചുഴിച്ചതും ആദിവാസികളെ ജയിലിലടച്ചതും ഉൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആദിവാസികൾക്കെതിരെ അതിക്രമം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത്തരം അതിക്രമങ്ങൾ അവസാനിപ്പിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഡി) ആദിവാസി ജോഗി വെടിയേറ്റ് മരിച്ചത് ഏത് മന്ത്രിസഭയുടെ കാലത്താണ് എന്ന് വ്യക്തമാക്കാമോ ; ജോഗിയുടെ മകൾക്ക് ജോലി നൽകിയത് ഏത് സർക്കാരായിരുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ</u>

8370

ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമേൽക്കുമ്പോൾ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തൊക്കെയായിരുന്നു; എത്ര രൂപ വീതമായിരുന്നു ആനുകൂല്യങ്ങൾ എന്ന് വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാർ അധികാരമേറ്റശേഷം (2006 മെയ് മാസത്തിന് ശേഷം) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കഴിഞ്ഞ സർക്കാർ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി പുതുതായി ആരംഭിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു; അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുതായി ആരംഭിച്ച ഏതെങ്കിലും പദ്ധതികൾ ഇപ്പോൾ നിർത്തലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പട്ടിക വർഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്ര സർക്കാർ നൽകുന്ന ഗ്രാന്റ്</u>

8371 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്ക് കേന്ദ്രസർക്കാർ നൽകുന്ന ഗ്രാന്റിനായി സംസ്ഥാന ഗവൺമെന്റിന് ഈ സാമ്പത്തിക വർഷം ഏതെല്ലാം സംഘടനകളുടെ അപേക്ഷകളാണ് പട്ടികവർഗ്ഗ ക്ഷേമവകുപ്പു മുഖേന ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സംഘടനകളുടെ അപേക്ഷകൾ കേന്ദ്രഗവൺമെന്റിന് ശുപാർശ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(സി) അപേക്ഷ സ്വീകരിക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനു സമർപ്പിക്കുന്നതിനും നിശ്ചിത സമയ പരിധി നിശ്ചയിച്ചിരുന്നുവോയെന്നു വ്യക്തമാക്കാമോ;

(ഡി) ഈ സമയപരിധിക്കുളളിൽ ലഭിച്ച എല്ലാ അപേക്ഷകളും കേന്ദ്ര ഗവൺമെന്റിലേക്ക് അയച്ചു നൽകിയോയെന്നു വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തുവാനുളള മോണിറ്ററിംഗ് സമിതികളുടെ ഘടന വ്യക്തമാക്കുമോ;

(എഫ്) മോണിറ്ററിംഗ് സമിതി എന്നാണു ചേർന്നതെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ 'അഹാഡ്സ്' പദ്ധതി</u>

8372 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'അഹാഡ്സ്' പദ്ധതി അവസാനിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ബി) അഹാഡ്സിൽ എത്ര ആദിവാസി ജീവനക്കാർ തൊഴിലെടുത്തിരുന്നു; പദ്ധതി ഉപേക്ഷിച്ചാൽ ഇവരെ പുനരധിവസിപ്പിക്കുമോ;

(സി) അഹാഡ്സിന്റെ പ്രവർത്തനങ്ങളിലൂടെ അട്ടപ്പാടി ആദിവാസി മേഖലയിലുണ്ടായ നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഡി) പ്രസ്തുത പദ്ധതിക്ക് ബദലായി എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുമ്പിലുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

ആദിവാസി വിദ്യാഭ്യാസ ഗ്രാമം

8373 ശ്രീ. ബെന്നി ബെഹനാൻ
,, ആർ. സെൽവരാജ്
,, എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാഭ്യാസ ഗ്രാമം സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ;

(ബി) ഇതിന്റെ നിയന്ത്രണം ആർക്കാണ്;

(സി) പ്രസ്തുത ഗ്രാമത്തിൽ വിദ്യാഭ്യാസത്തിന് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുന്നത്;

(ഡി) എവിടെയൊക്കെയാണ് ഇത്തരം ഗ്രാമങ്ങൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ആദിവാസികൾക്കായി റബ്ബർ കൃഷി പദ്ധതി</u>

8374 ശ്രീ. വി. പി. സജീന്ദ്രൻ
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കുള്ള റബ്ബർ കൃഷി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; ഈ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ

(ബി) ഏതെല്ലാം ഏജൻസികളുമായി ചേർന്നാണ് ഈ പദ്ധതി നടപ്പാക്കുന്നത്;

(സി) എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

**കേരള നിയമസഭ**
**25.07.2012-ലെ മറുപടിക്ക്**

<u>ചികിത്സ ലഭിക്കാതെയും പോഷകാഹാരം ലഭിക്കാതെയും മരണപ്പെട്ട ആദിവാസികൾ</u>

8375 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആവശ്യമായ ചികിത്സ ലഭിക്കാതെയും മതിയായ പോഷകാഹാരം ലഭിക്കാതെയും എത്ര ആദിവാസികൾ മരണപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>മാതൃകാ കോളനി</u>

8376 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി ജനവിഭാഗങ്ങൾക്ക് മാതൃകാ കോളനി പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക, ഏത് ഹെഡ് ഓഫ് അക്കൗണ്ടിൽ നീക്കിവച്ചിട്ടുണ്ടായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതെല്ലാം ആദിവാസി കോളനികളെയാണ് പദ്ധതി നടത്തിപ്പിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ കോളനിയിലും പദ്ധതി നടത്തിപ്പിനായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഓരോ കോളനിയിലും പദ്ധതിനടത്തിപ്പിന് എന്തെല്ലാം ഘടകങ്ങളാണുള്ളതെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പട്ടിക വര്‍ഗ്ഗ വികസന വകുപ്പിന്റെ 2011-12 ലെ ബഡ്ജറ്റ് വിഹിതം</u>

8377 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വികസന വകുപ്പിന്റെ 2011-12 ലെ ബഡ്ജറ്റ് വിഹിതത്തില്‍ നിന്നും, ചെലവിനത്തില്‍ കാണിച്ച് ഏതെങ്കിലും അക്കൗണ്ടില്‍ തുക നിക്ഷേപിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കില്‍ ഏത് ഹെഡ്ഡില്‍ നിന്നും, എത്ര തുക, ഏത് അക്കൗണ്ടില്‍, എന്തിന് വേണ്ടി നിക്ഷേപിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

എസ്. സി. /എസ്. ടി സഹകരണ ഫെഡറേഷൻ

8378

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

എസ്. സി/എസ്. ടി. സഹകരണ ഫെഡറേഷൻ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലാണെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയ്ക്കുളള കാരണം വ്യക്തമാക്കാമോ?.

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി</u>

8379 ശ്രീ. ഐ. സി. ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ പട്ടിജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

പട്ടികജാതി/പട്ടികവര്‍ഗ്ഗ വികസന ഫെഡറേഷന്‍ ഭരണ സമിതിക്കെതിരെ അന്വേഷണം

8380 ശ്രീ. ഐ. സി. ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കേരള സംസ്ഥാന പട്ടികജാതി-പട്ടികവര്‍ഗ്ഗ വികസന ഫെഡറേഷന്‍ മുന്‍ ഭരണസമിതിക്കെതിരെ വിജിലന്‍സ് അന്വേഷണം നിലവിലുണ്ടോ; ഉണ്ടെങ്കില്‍ അന്വേഷണം എവിടെവരെയെത്തി; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>ആറളം ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം</u>

8381 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറളം യു.പി. സ്കൂൾ ഹൈസ്കൂൾ ആയി അപ്ഗ്രേഡ് ചെയ്തശേഷം എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് സ്കൂളിൽ നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഹൈസ്കൂളിന്റെ ഇപ്പോഴത്തെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം അസൗകര്യങ്ങളാണ് സകൂളിൽ ഇപ്പോൾ ഉള്ളത്; അവ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം സർവ്വശിക്ഷാ അഭിയാൻ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം എസ്.ടി. വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് എന്തെല്ലാം വികസന പ്രവർത്തനങ്ങൾ സ്കൂളിൽ നടപ്പാക്കിയിട്ടുണ്ട്; അവ വിശദമാക്കുമോ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>മ്യൂസിയം, മൃഗശാല സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് കർമ്മ പദ്ധതി</u>

8382 ശ്രീ. സി. പി. മുഹമ്മദ്
,, ഷാഫി പറമ്പിൽ
,, ഡൊമിനിക് പ്രസന്റേഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മ്യൂസിയം, മൃഗശാല സന്ദർശകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) വികലാംഗർക്ക് മ്യൂസിയം സന്ദർശിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സന്ദർശകർക്ക് വിവരങ്ങൾ നൽകാനായി പ്രത്യേകം കൗണ്ടർ തുടങ്ങുന്നകാര്യം പരിഗണിക്കുമോ;

(ഡി) സന്ദർശകർക്ക് കുടിവെള്ളം, ക്ലോക്ക് റൂം, ബാത്ത് റൂം എന്നീ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം ആലോചിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

മൃഗശാലകളിലെ പകർച്ചവ്യാധികൾ

8383 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മൃഗശാലകളിൽ 'ട്രിപ്പനോസോമിയാസിസ്' പോലുള്ള മാരകരോഗങ്ങൾ പടരുന്നതും ഒട്ടേറെ മൃഗങ്ങൾ മരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃഗശാലകളിലെ അന്തേവാസികളെ വളരുന്ന മൃഗങ്ങളെ സംരക്ഷിക്കാനും വംശം നിലനിർത്താനും ഈ സർക്കാർ എന്തെല്ലാം പദ്ധതികളും പരിപാടികളുമാണ് ആവിഷ്കരിച്ചത്; വ്യക്തമാക്കുമോ;

(സി) മൃഗശാലകളുടെ 'മിനിയേച്ചർ' രൂപത്തിലുള്ള മൃഗങ്ങളുടെ പാർക്കുകൾ നഗരങ്ങളിൽ സ്ഥാപിക്കുവാൻ പദ്ധതികൾ ഉണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

തിരുവനന്തപുരം മൃഗശാലയുടെ പ്രവര്‍ത്തനം

8384

ശ്രീ. എ. കെ. ശശീന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം മൃഗശാലയ്ക്കുള്ളില്‍ പുതുതായി പണിത ചീങ്കണ്ണിക്കൂട് പ്രവര്‍ത്തനക്ഷമമാണോ; ഇതിനായി എത്ര രൂപ ചെലവായി;

(ബി) ചീങ്കണ്ണിക്കൂട് പ്രവര്‍ത്തനക്ഷമമായില്ലെങ്കില്‍ കാലതാമസത്തിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) മൃഗശാലയ്ക്ക് അകത്തുള്ള കുളത്തിലെ ഫൗണ്ടന്‍ പ്രവര്‍ത്തിക്കുന്നുണ്ടോ; ഇല്ലെങ്കില്‍ ഇതിനുള്ള കാരണക്കാര്‍ ആരാണെന്ന് വ്യക്തമാക്കാമോ; ഈ ഫൗണ്ടന്റെ നിര്‍മ്മാണത്തിനായി എത്ര രൂപ ചെലവായെന്ന് വെളിപ്പെടുത്താമോ;

(ഡി) മൃഗശാലയിലുള്ള കടുവക്കൂട് പുതുക്കിപ്പണിതിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതിനായി എത്ര രൂപ ചെലവായി; ഇത് ഇപ്പോള്‍ പ്രവര്‍ത്തനക്ഷമമാണോ; ഓപ്പണ്‍ഗേജ് പ്രവര്‍ത്തനക്ഷമമാണോ; ഇല്ലെങ്കില്‍ ഇതു പ്രവര്‍ത്തനക്ഷമമാക്കാന്‍ എന്തൊക്കെ നടപടികള്‍ സ്വീകരിയ്ക്കും;

(ഇ) മൃഗശാല ഈയിടെ സന്ദര്‍ശിച്ച സെന്‍ട്രല്‍ സൂ അതോറിറ്റി എന്തൊക്കെ നിര്‍ദ്ദേശങ്ങളാണ് നല്‍കിയത്; ഇതിന്റെ അടിസ്ഥാനത്തില്‍ സ്വീകരിച്ച നടപടികള്‍ എന്തെല്ലാം?

# കേരള നിയമസഭ
## 25.07.2012-ലെ മറുപടിക്ക്

<u>തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾക്കു വേണ്ടി തീറ്റ സാധനങ്ങൾ കോൺട്രാക്ട്</u>

8385 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾക്കുവേണ്ടി പച്ചില - തീറ്റ സാധനങ്ങൾക്കുള്ള കോൺട്രാക്ട് ആർക്കാണ് നൽകിയിരിക്കുന്നത്; ഇദ്ദേഹത്തിന് എത്ര കാലമായി സ്ഥിരമായി കോൺട്രാക്ടർ നൽകുന്ന തീറ്റ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തു സംവിധാനമാണ് നിലവിലുള്ളത് ;

(ബി) മൃഗങ്ങൾക്കുവേണ്ടി ഭക്ഷണം വാങ്ങിയ ഇനത്തിൽ ക്രമക്കേട് കാണിച്ച ഉദ്യോഗസ്ഥരുടെ പേരിലുള്ള കേസ്സിന്റെ അന്വേഷണം ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ;

(സി) മേൽ സുചിപ്പിച്ച ഉദ്യോഗസ്ഥരുടെ പേരിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
# 25.07.2012-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്ക് വിവിധ മേഖലകളിലായി ചെലവഴിച്ച തുക</u>

8386 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഈ സര്‍ക്കാര്‍ അധികാരമേറ്റ ശേഷം പട്ടികവര്‍ഗ്ഗ വിഭാഗങ്ങള്‍ക്കായി ഭൂമി, ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലായി എത്ര കോടി രൂപ ചെലവഴിച്ചു; ജില്ലകള്‍ തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കാമോ ?